**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 449 01.12.2015-ൽ മറുപടിയ്ക്ക്**

**അങ്കമാലി - ഭൂഗർഭ കേബിളുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ; | (എ) | അങ്കമാലി, കാലടി, കറുകുറ്റി പ്രദേശങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി 17.793 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിച്ചു കഴിഞ്ഞു. അനുബന്ധ പ്രവൃത്തിയായ ആർ.എം.യു. സ്ഥാപിച്ചു വരുന്നു. കേബിൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, ദേശീയപാതാ അതോറിറ്റി, മുൻസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ നിരത്തുടമകളുടെ അനുമതി ആവശ്യമാണ്. ആയത് ലഭിച്ചു കൊണ്ടിരിക്കുന്നു. ഗുണനിലവാരമുള്ള നിർമ്മാണസാമഗ്രികൾ സംഭരിക്കാനും കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) | കരാർ പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നത്തേയ്ക്കാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ; | (ബി) | കരാർ പൂർത്തീകരിക്കേണ്ട പുതുക്കിയ കാലാവധിയായ 31.05.2016 ന് മുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാലടി പ്രദേശത്തെ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ ? | (സി) | കാലടി പ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. എന്നാൽ മണ്ണിന്റെ കാഠിന്യം മൂലം ഉദ്ദേശിച്ച രീതിയിൽ പുരോഗതി നേടാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**